## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആഴക്കടൽ മത്സ്യബന്ധനം

1 (1981) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ ആഴക്കടൽ മത്സ്യബന്ധന നയം മൂലം മത്സ്യമേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവയെന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) ബുദ്ധിമുട്ടുകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) മൺസൂൺകാല ട്രോളിംഗ് നിരോധനത്തെപ്പറ്റി പഠിക്കുന്നതിന് നിയോഗിച്ചിരുന്ന ഡോ: എൻ. ബാലകൃഷ്ണൻ നായർ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ ; റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. വിദേശക്കപ്പലുകൾക്ക് മത്സ്യബന്ധനത്തിനായി അനുമതി നല്കുന്നത് മൂലം ദേശീയ മത്സ്യസമ്പത്തിനുമേൽ രാജ്യത്തിനുള്ള നിയന്ത്രണം കൈവിട്ടുപോകുകയും ആഴക്കടൽ അമിതമായി ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്നു.

2. ആഭ്യന്തര ഉപയോഗത്തിന് മത്സ്യം ലഭ്യമല്ലാത്ത സ്ഥിതിവിശേഷം ഉണ്ടാകുന്നു.

3. ആഴക്കടലിലെ അമിതചൂഷണം തീരക്കടലിനെയും പ്രതികൂലമായി ബാധിക്കാം.

(സി) ഉണ്ട്.

(ഡി&ഇ) ഇടക്കാല റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പൂർണ്ണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് കോപ്പി ലഭ്യമാക്കുന്നതാണ്.

### മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

2 (1982) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly